# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *131 — 01.11.2019 ലെ മറുപടിക്ക്

### ഭൂനിയമങ്ങൾ ലംഘിച്ചുള്ള നിർമ്മാണാനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ:എൻ.ജയരാജൻ | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പുരയിടമൊഴികെ മറ്റ് ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ മാർഗ്ഗരേഖ സർക്കാർ നൽകിയിട്ടുണ്ടോ; | (എ) | 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം നിർമ്മാണം നടത്താനുദ്ദേശിക്കുന്ന സൈറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നേരിട്ട് പരിശോധന നടത്തി സൈറ്റ് പ്ലാനും ഡ്രോയിംഗുകളും നിർമ്മാണവും ബന്ധപ്പെട്ട ആക്റ്റിലെയോ കെട്ടിട നിർമ്മാണ ചട്ടത്തിലെയോ ബന്ധപ്പെട്ട മറ്റ് ആക്റ്റുകളിലെയോ വ്യവസ്ഥകൾ ലംഘിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമാണ് നിലവിൽ നിർമ്മാണാനുമതി നൽകി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗരേഖകൾ നിലവിലുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകും മുൻപ് ഭൂവിനിയോഗ നിയന്ത്രണത്തിന് അധികാരപ്പെട്ട വിവിധ ഏജൻസികളുടെ പരിശോധന ഏതു രീതിയിൽ നടത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | (ബി) | ഒരു കെട്ടിട നിർമ്മാണം മറ്റു വകുപ്പുകൾ പുറപ്പെടുവിച്ചിട്ടുള്ള ആക്റ്റുകളുടെയോ ചട്ടങ്ങളുടെയോ പരിധിയിൽ വരുന്നതാണെങ്കിൽ ടി വകുപ്പുകളുടെ അനുമതിപത്രമോ നിരാക്ഷേപ പത്രമോ യഥോചിതം ലഭ്യമാക്കി പരിശോധിച്ചതിന് ശേഷം മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ നിർമ്മാണാനുമതി നൽകി വരുന്നത്. |
| (സി) | നിർമ്മാണം കഴിയുമ്പോൾ ഭൂനിയമങ്ങളുടെ ലംഘനമാരോപിച്ച് റവന്യൂ അധികൃതർ നടപടിയെടുക്കുന്നത് തടയാൻ തദ്ദേശസ്വയംഭരണ വകുപ്പിന് എന്തു ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച നിർമ്മാണാനുമതിയ്ക്ക് വിരുദ്ധമായോ നിർമ്മാണാനുമതി ഇല്ലാതെയോ സർക്കാർ ഭൂമി/പുറമ്പോക്ക് കയ്യേറിയോ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചോ നിർമ്മാണങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് റവന്യൂ അധികൃതർ നടപടി സ്വീകരിക്കുന്നത്. അതല്ലാതെ ചട്ടപ്രകാരം നടത്തിയിട്ടുള്ള കെട്ടിട നിർമ്മാണത്തിനെതിരെ റവന്യൂ അധികൃതർ അനാവശ്യമായി നടപടികൾ സ്വീകരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

(തുടർച്ച......2)

| | | | |
|---|---|---|---|
| (ഡി) | ഭൂനിയമങ്ങൾ ലംഘിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പെർമിറ്റ് നൽകുന്നത് തടയുന്നതിന് വകുപ്പ് തലത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (ഡി) | സാധാരണഗതിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ചാണ് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ നിർമ്മാണാനുമതി നൽകി വരുന്നത്. അനധികൃത നിർമ്മാണവും നിർമ്മാണാനുമതിയും നൽകുന്നത് തടയുന്നതിന് വിവിധതലങ്ങളിൽ സമയബന്ധിതമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള നിർമ്മിതികൾക്കെതിരെ പരാതി ലഭിക്കുന്നമുറയ്ക്ക് വകുപ്പുതല പരിശോധനയും നടത്തുന്നുണ്ട്. നിയമങ്ങൾ ലംഘിച്ച് പെർമിറ്റ് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**